I/38027/2023

"ഭരണഭാഷ മാതൃഭാഷ"

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
ഇ-മെയിൽ-dhsescholarships@gmail.com
ഫോൺ: 0471-2323198

എച്ച് എസ് ഇ/ 4541 /2023- എ സി ഡി എസ് പി എൽ1 — തീയതി:15-11-2023

## സർക്കുലർ

വിഷയം: പൊ.വി.വ – ഹ.സെ.വി – 2023-2024 വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് റിന്യൂവൽ (രണ്ടാം വർഷ വിദ്യാർത്ഥികൾക്കുള്ള) ജനറൽ,എസ് സി- എസ് റ്റി കാറ്റഗറി സ്കോളർഷിപ്പ് തുക വിതരണം സംബന്ധിച്ച്.

സൂചന: 28/10/2023 ലെ എച്ച് എസ് ഇ/4541/2023-എ സി ഡി എസ് പി എൽ1 ഉത്തരവ്

BPL സ്കോളർഷിപ്പ് റിന്യൂവലിന് അർഹത നേടിയിട്ടുള്ള (ജനറൽ, എസ് സി-എസ് റ്റി) രണ്ടാം വർഷ വിദ്യാർത്ഥികൾക്കായുള്ള തുകകൾ പ്രിൻസിപ്പൽമാർക്ക് അലോട്ട്മെന്റായി അനുവദിച്ച് കഴിഞ്ഞിട്ടുള്ളതാകുന്നു. ആയത് ഉടൻ തന്നെ വിദ്യാർത്ഥികൾക്ക് ഉത്തരവിൽ നിർദേശിക്കും പ്രകാരം മാറി നൽകേണ്ടതാണ്.

തുക കൈമാറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ബിപിഎൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് റിന്യൂവൽ 2023-24 ജനറൽ, എസ് സി /എസ് റ്റി വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ എന്നിവ DHSE SCHOLARSHIP പോർട്ടലിലെ സ്കൂൾ ലോഗിനിൽ ലഭ്യമാണ്.

2 ) സ്കോളർ ഷിപ്പ് ഇനത്തിൽ അലോട്ട്മെന്റ് ലഭിച്ചാലുടൻ തന്നെ വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് ഉത്തരവിൽ നിർദേശിക്കും പ്രകാരം മാറി നൽകേണ്ടതാണ്.

3) വിദ്യാർത്ഥിയുടെ അക്കൗണ്ട് ആക്റ്റീവാണെന്ന് ഉറപ്പ് വരുത്തി കൃത്യമായ വിവരങ്ങൾ ബില്ലിനൊപ്പം നൽകുക.

I/38027/2023

4) ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സായിട്ടുണ്ടോ എന്നും ശരിയായ അക്കൗണ്ടിലേക്കാണോ ക്രഡിറ്റ് ചെയ്തിട്ടുള്ളത് എന്ന കാര്യം യഥാസമയം U.T.R. പരിശോധിച്ച് എന്തെങ്കിലും തെറ്റുകൾ ഉണ്ടായാൽ 15 ദിവസത്തിനകം അക്കൗണ്ട് നമ്പർ സംബന്ധിച്ച് തിരുത്തലുകൾ വരുത്തി നൽകേണ്ടതാണ്. തെറ്റായ അക്കൗണ്ട് നമ്പറിലേക്ക് നൽകുന്ന തുക 15 ദിവസം കഴിഞ്ഞാലുടൻ സർക്കാർ ഫണ്ടിലേക്ക് വരവ് വക്കുന്നതാണ്.

5) കുട്ടികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതെ സർക്കാർ ഫണ്ടിലേക്ക് വരവ് വക്കുന്ന തുക യാതൊരു കാരണവശാലും വീണ്ടും അനുവദിക്കുന്നതല്ല. എന്നാൽ ഉത്തരവ് പ്രകാരം അനുവദിച്ച തുക അതാത് കുട്ടികളുടെ അക്കൗണ്ടിൽ കർശനമായും ക്രെഡിറ്റ് ചെയ്യേണ്ടതും ടി തുക പ്രിൻസിപ്പാളിന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

6) ബിപിഎൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് റിന്യൂവൽ 2023-24 ജനറൽ, എസ് സി /എസ് റ്റി സ്കോളർഷിപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (KFC Form 44 utilisation certificate) ഹാർഡ് കോപ്പിയായി 24/12/2023 നുള്ളിൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് Digital data entry ക്കായി ലിങ്ക് നൽകുമ്പോൾ ആയതും സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
R Sureshkumar
Date: 15-11-2023 15:49:26

ജോയിന്റ് ഡയറക്ടർ
(അക്കാദമിക്ക്)